## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1977.          10.10. 2011-ൽ മറുപടിയ്ക്ക്

## കേന്ദ്ര-സംസ്ഥാന സംഘങ്ങളുടെ സന്ദർശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ നൂറുദിവസത്തിനകം ആരോഗ്യ വിദഗ്ദ്ധരടങ്ങുന്ന കേന്ദ്ര സംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ടോ;<br><br>(ബി) ആരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സംഘം സംസ്ഥാനത്ത് സന്ദർശനം നടത്തിയതെന്നും ഈ സംഘത്തിൽ ആരൊക്കെയായിരുന്നു അംഗങ്ങളെന്നും വെളിപ്പെടുത്തുമോ; | (എ) യും (ബി) യും ആരോഗ്യവിദഗ്ധരടങ്ങുന്ന കേന്ദ്രസംഘം സംസ്ഥാനത്ത് കഴിഞ്ഞ നൂറു ദിവസത്തിനകം സന്ദർശനം നടത്തിയിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസ്, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിർദ്ദേശ പ്രകാരം 2011 ജൂലൈ മാസത്തിൽ എത്തിയ കേന്ദ്ര സംഘത്തിലുള്ളവർ ഡോ. വി.കെ. റൈന, ഡോ. നവീൻഗുപ്ത, ഡോ. പ്രദീപ് കാസ്നോബിസ്, ഡോ. ബി.അനുകുമാർ എന്നിവരാണ്.<br><br>2011 സെപ്റ്റംബർ മാസത്തിൽ എത്തിയ കേന്ദ്രസംഘത്തിലുള്ളവർ ഡോ. യു.വി.എസ്.റാണ, ഡോ. അമിത് കരാൾ എന്നിവരാണ്. |
| (സി) ഇതിനകം സംസ്ഥാന സർക്കാർ ഇത്തരം മെഡിക്കൽ സംഘങ്ങൾ രൂപീകരിച്ച് രോഗബാധിത മേഖലയിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; | (സി) ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (ആരോഗ്യം), എറണാകുളം ജില്ലയിലെ പകർച്ച വ്യാധി പ്രദേശങ്ങൾ സന്ദർശിക്കുകയും രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ് കാസർഗോഡ് ജില്ല സന്ദർശിക്കുകയും എലിപ്പനി മരണങ്ങൾ റിപ്പോർട്ടു ചെയ്ത പി.എച്ച്.സി-കളുടെ മെഡിക്കൽ ഓഫീസർമാരുടെയും സൂപ്പർവൈസർമാരുടെയും പ്രത്യേക യോഗം വിളിച്ചുചേർത്ത് വിശദമായി അവലോകനം നടത്തി, തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നൽകി. പകർച്ചവ്യാധി റിപ്പോർട്ടു ചെയ്യുന്ന ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധ വൽക്കരണവും കാര്യക്ഷമമായി നടത്തി വരുന്നു. |

| | |
|---|---|
| (ഡി) ഉണ്ടെങ്കിൽ രോഗബാധിത മേഖലയിലെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന, കേന്ദ്രസംഘങ്ങൾ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) 2011 ജൂലൈ മാസത്തിൽ ജപ്പാൻ ജ്വരത്തിന്റെ പഠനത്തിനായി കൊല്ലത്തും ആലപ്പുഴയിലും എത്തിയ കേന്ദ്രസംഘം നൽകിയ പ്രാഥമിക റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ പകർപ്പ് (അനുബന്ധം-I) ഉള്ളടക്കം ചെയ്യുന്നു. രോഗബാധിത മേഖലയിലെ രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന സർക്കാർ നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് (അനുബന്ധം-II) ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.